# യൂണിറ്റ് 24 : സ്കൂൾവിക്കി - YEAR ടെംപ്ലേറ്റ് ചേർക്കൽ

സജീവമായ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിൽ തനത് പ്രവർത്തനങ്ങളും ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും എല്ലാ വർഷത്തേതും ഒരുപേജിൽത്തന്നെ ചേർക്കുകയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇത് പേജിൽ വിവരങ്ങളുടെ ആധിക്യം ഉണ്ടാക്കുകയും ഡോക്കുമെന്റേഷന് അസൗകര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.

- എല്ലാ ബാച്ചിന്റേയും വിവരങ്ങൾ ഒറ്റ പേജിൽ ചേർക്കുന്നത് വിവരച്ചോർച്ചയ്ക്ക് കാരണമാകാം.
- തിരയൽ ദുഷ്കരമാക്കാം.
- പേജ് തുറന്നുവരുന്നതിന് തടസ്സമുണ്ടാക്കാം.
- മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമായി ഓരോ ബാച്ചിന്റേയും വിവരങ്ങൾ വ്യത്യസ്ത പേജുകളിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താം. ഇതിനാവശ്യമായ Tab Template ചേർത്ത് പേജ് പരിഷ്ക്കരിക്കണം.
- **വിവരങ്ങൾ വർഷം തിരിച്ച് രേഖപ്പെടുത്തുന്നത് മൂല്യനിർണ്ണയ സമയത്ത് സ്കൂളിന് പ്രയോജനപ്രദമാവും എന്നതുകൂടി ശ്രദ്ധിക്കണം.**

## ഓരോ അധ്യയനവർഷത്തേതിനും പ്രത്യേകം പേജുകൾ സൃഷ്ടിക്കുന്നതെങ്ങനെ?

ഇതിന് വേണ്ടി, ക്ലബ്ബിന്റെ പേജിൽ {{Yearframe/Header}} എന്ന ഫലകം ചേർക്കുക. സേവ് ചെയ്യുക.






സേവ് ചെയ്യുമ്പോൾ ലഭിക്കുന്ന ഓരോ അധ്യയനവർഷത്തിന്റേയും പേജ് ടാബ് തുറന്ന്, ഏറ്റവും മുകളിലായി {{Yearframe/Pages}} എന്ന ഫലകം ചേർക്കുക.




സേവ് ചെയ്യുക




ഓരോ ടാബിലേയും പേജുകളിൽ അതാത് വർഷത്തെ പ്രവർത്തനങ്ങൾ ചേർക്കാവുന്നതാണ്.

**പ്രവർത്തനങ്ങൾ** എന്ന പേജിന് ഇതുപോലെ ഓരോ വർഷത്തേക്കുമുള്ള പേജുകൾ സൃഷ്ടിച്ചത് കാണുക




ഇതുപോലെ, ഓരോ വർഷത്തേയും വിവരങ്ങൾ പ്രത്യേകമായി ജോക്കുമെന്റ് ചെയ്യുന്നതിന് {{Yearframe/Header}}, {{Yearframe/Pages}} എന്നിവ ഉപയോഗിക്കുക.

# Video Tutorial

**കുറിപ്പ്:**

Little Kites ക്ലബ്ബിന് മുകളിൽപറഞ്ഞ {{Yearframe/Header}}, {{Yearframe/Pages}} **ഉപയോഗിക്കരുത്.** Little Kites ന്റെ 3 ബാച്ചുകൾ (8th, 9th, 10th) ഒരു വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ടാവും. ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ ഒറ്റപ്പേജിൽ ചേർക്കുമ്പോഴുണ്ടാകുന്ന സങ്കീർണ്ണത ഒഴിവാക്കാൻ പ്രത്യേക ടാബ് ചേർത്ത് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പേജ് പരിഷ്ക്കരിക്കണം. ഇതിനുള്ള മാർഗ്ഗം Unit 25 ൽ വിശദമാക്കുന്നതാണ്.

---

മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം

---

- പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.
- ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.
- സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക.